**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4025** **17-03-2025 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾ പലതും വലിയ ബുദ്ധിമുട്ടിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഹോട്ടലുകൾ കാര്യക്ഷമമായി നടത്തുന്നതിന് വിലവർദ്ധനവ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും ലഭ്യതയ്ക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ അരി (നിലവിൽ കിലോഗ്രാമിന് 10.90/-രൂപയ്ക്ക്) അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ്സിഡി തുക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക എന്നിവ സമയബന്ധിതമായി, ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് നൽകി വരുന്നു. വിലവർദ്ധനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) | കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പാപ്പിനിശ്ശേരി അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് ആൻഡ് ടോഡി വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രതിമാസ അരി വിഹിതം 600 കിലോയിൽ നിന്നും 1000 കിലോ ആയി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ നടപടി എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പാപ്പിനിശ്ശേരി അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് ആൻഡ് ടോഡി വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രതിമാസ അരി വിഹിതം 600 കിലോയിൽ നിന്നും 1000 കിലോ ആയി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹു എം.എൽ.എ നൽകിയ നിവേദനത്തിൽമേൽ നടപടി സ്വീകരിക്കുകയും സുഭിക്ഷ ഹോട്ടലുകളിലേക്കുള്ള അരിയുടെ പ്രതിമാസ വിഹിതം വർദ്ധിപ്പിക്കുവാൻ നിർവാഹമില്ലയെന്ന് അറിയിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ